പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4554.** **25.06.2019 ൽ മറുപടിയ്ക്ക്**

**പൊന്തൻപുഴ കൈവശഭൂമിക്ക് പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ; പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പൊന്തൻപുഴ വനത്തോട് ചേർന്നുകിടക്കുന്ന കൈവശക്കാരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 1,06,446 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | പട്ടയത്തിന്റെ കണക്ക് |
|---|---|
| തിരുവനന്തപുരം | 1,485 |
| കൊല്ലം | 1,153 |
| പത്തനംതിട്ട | 205 |
| ആലപ്പുഴ | 798 |
| കോട്ടയം | 550 |
| ഇടുക്കി | 20,419 |
| എറണാകുളം | 3,815 |
| തൃശ്ശൂര് | 30,123 |
| പാലക്കാട് | 11,648 |
| മലപ്പുറം | 17,989 |
| കോഴിക്കോട് | 6,963 |
| വയനാട് | 1,215 |
| കണ്ണൂര് | 4,024 |
| കാസറഗോഡ് | 6,057 |
| ആകെ | 1,06,446 |

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ പെരിമ്പെട്ടി വില്ലേജിൽ പൊന്തൻപുഴ ഭൂമിയുമായി ബന്ധപ്പെട്ട് നാളിതുവരെ 625 അപേക്ഷകൾ പതിവിനായി ലഭിച്ചിട്ടുണ്ട്. 3/06/2019 മുതൽ വ്യക്തിഗത കൈവശങ്ങൾ അളന്ന് തിരിക്കുന്നതിനും മഹസർ തയ്യാറാക്കുന്നതിനുമായി ടീം രൂപീകരിച്ച് സർവ്വെ

| | | |
|---|---|---|
| | | നടപടികൾ കൈക്കൊണ്ടു വരുന്നു. 18/6/2019-ാം തീയതി വരെ 110 കൈവശങ്ങൾ അളന്ന് തിരിച്ച് മഹസർ തയ്യാറാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ മണിമല വില്ലേജിൽ ആലപ്ര പ്രദേശത്ത് ഉൾക്കൊള്ളുന്നതും പൊന്തൻപുഴ വനഭൂമി ഉൾപ്പെട്ടു കിടക്കുന്നതുമായ പ്രദേശങ്ങൾക്ക് പട്ടയം നൽകുന്നതിനായി ബഹു.ഹൈക്കോടതിയിൽ ടി ഭൂമി സംബന്ധിച്ച് സ്വകാര്യ വ്യക്തി ഉന്നയിച്ച എം.എസ്.എ1/81 നമ്പർ കേസ് സ്വകാര്യ വ്യക്തികളുടെ പ്രമാണപരമായി അവകാശം അംഗീകരിച്ച് കൊടുത്തിട്ടുള്ളതിനാൽ ടി വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതാണ്. ടി കേസിൽ ബഹു.സുപ്രീംകോടതിയുടെ അന്തിമ വിധി വന്ന ശേഷം മാത്രമേ ടി പ്രദേശങ്ങളിലെ ആളുകൾക്ക് പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. |
| (ബി) | വനാതിർത്തി നിശ്ചയിച്ച ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് മൂന്ന് തലമുറ കഴിഞ്ഞിട്ടും പട്ടയം നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) | റവന്യൂ മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗം പട്ടയം നൽകാൻ തീരുമാനമെടുത്തിട്ടും ഇതേവരെ അത് നടപ്പാക്കാതിരിക്കാൻ കാരണം വ്യക്തമാക്കാമോ; വനമേഖലയോട് ചേർന്ന് ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) വനമേഖലയോട് ചേർന്ന ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ അടിയന്തിരമായി നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിൽ മണിമല വില്ലേജിൽ ആലപ്ര പ്രദേശത്ത് ഉൾക്കൊള്ളുന്നതും പൊന്തൻപുഴ വനഭൂമി ഉൾപ്പെട്ടു കിടക്കുന്നതുമായ പ്രദേശങ്ങളുടെ വിഷയത്തിൽ എം.എസ്.എ 1/181 നമ്പർ കേസിന്റെ വിധിക്കെതിരായി കേരള സർക്കാരിനുവേണ്ടി വനം വകുപ്പ് ബഹു.സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിക്കു ശേഷം മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ